# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3845** — **15.12.2014 -ലെ മറുപടിക്ക്**

### അനാശാസ്യം ഒളിക്യാമറ വഴി ചിത്രീകരിച്ച് പണം തട്ടിയ സംഘം

| ചോദ്യം<br>ശ്രീ. സാജു പോൾ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|---|
| (എ) അനാശാസ്യം ചിത്രീകരിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത സംഘത്തെക്കുറിച്ചുള്ള എറണാകുളം നോർത്ത് സി.ഐ.യുടെ നേതൃത്വത്തിലുള്ള പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; | (എ) | അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ബി) എത്ര തട്ടിപ്പുകാരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി; രജിസ്റ്റർ ചെയ്ത കേസ് നമ്പറുകൾ വിശദമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 999/14 കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) അന്വേഷണ ഘട്ടത്തിൽ എന്തെല്ലാം നിലവിലുള്ള പുതിയ വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിക്കുകയുണ്ടായി; അറസ്റ്റിലായ സംഘത്തിന്റെ ഒളിക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലുള്ള തുടരന്വേഷണം നടത്തിയിട്ടുണ്ടോ;<br>(ഡി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നതാരാണ്; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദമാക്കുമോ? | (സി) & (ഡി) | എറണാകുളം ടൗൺ നോർത്ത് പോലീസ് ഇൻസ്പെക്ടർ ശ്രീ. എൻ.സി. സന്തോഷിന്റെ നേതൃത്വത്തിലാണ് ടി കേസ് അന്വേഷണം നടത്തി വരുന്നത്. ടി കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ